www.malankaralibrary.com




ഇടവക പെരുനാളിന് കൊടിയേറി. ഇനി പെരുനാൾ ദിനങ്ങൾ. വിശുദ്ധന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നവരുടെ തിരക്ക്. പതിവുപോലെ വൈകുന്നേരം പെരുനാൾ പ്രദക്ഷിണം ആരംഭിച്ചു. ഇടവക വികാരിയുടെ മേൽനോട്ടത്തിൽ ചിട്ടയായ ക്രമീകരണങ്ങൾ പെരുനാൾ പ്രദക്ഷിണത്തിന് മാത്രമായി എത്തുന്ന ബാഡ്ജ് കുത്തികളായ നിയന്ത്രാതാക്കൾ. ഇവരെ ഇനിയും അടുത്ത പെരുനാൾ പ്രദക്ഷിണത്തിന് കാണാം എന്നു പ്രത്യാശിക്കാം. പ്രദക്ഷിണത്തിന് ചെണ്ടമേളം, ബാന്റ് മേളം, നാസിക്ഡോൾ, സിസ്റ്റർമാരുടെ വക കുട്ടിമാലാഖമാർ, നാനാനിറത്തിലുള്ള മുത്തുക്കുടകൾ, കൊടികൾ, തോരണങ്ങൾ, തിരികൾ, പ്രദക്ഷിണം ഒച്ചിഴയും വേഗത്തിൽ മുന്നോട്ടു നീങ്ങുവാൻ നിർദ്ദേശം നൽകികഴിഞ്ഞു. സ്ത്രീകൾ ഒരേ തരത്തിലും, ഒരേ നിറത്തിലുമുള്ള സാരികൾ, പുരുഷന്മാർ ജുബ്ബയും മുണ്ടും, യുവതീ-യുവാക്കൾ 'ട്രന്റ്സ്' വേഷത്തിൽ, എല്ലാവരും നേർച്ചയായി, നിയോഗമായി മുത്തുക്കുടകൾ, കൊടികൾ, തിരികൾ കൈകളിൽ ഏന്തിയിരിക്കുന്നു. പ്രദക്ഷിണത്തിനിടയിൽ 80 വയസ്സുള്ള ഒരു വല്ല്യമ്മച്ചിയും, നര ബാധിച്ച മുടികൾ, അല്പം കൂന്, ചട്ടയും മുണ്ടും വേഷം. വല്ല്യമ്മച്ചി മൗനമായി പ്രാർത്ഥിച്ച് പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നു. എല്ലാവരും കണ്ണഞ്ചിപ്പിക്കുന്ന മുത്തുക്കുടകൾ കൈകളിലേന്തി നീങ്ങുമ്പോൾ വല്ല്യമ്മച്ചി തന്റെ കൈവശമിരിക്കുന്ന ഒടിഞ്ഞ കാലുകളുള്ള, കീറിയ ശീലകളുള്ള തന്റെ സ്വന്തം സാധാരണ കുട നിവർക്കുന്നു. എല്ലാവരും വിസ്മയഭരിതരായി വല്ല്യമ്മച്ചിയെ നോക്കുന്നു. പെരുനാൾ പ്രദക്ഷിണത്തിലെ ആ സാധാരണ കുട അവിടെ വ്യത്യസ്ഥമാകുന്നു. പലരും നാനാവർണത്തിലുള്ള മുത്തുക്കുടകൾ പിടിച്ചപ്പോൾ വല്ല്യമ്മച്ചി താൻ സ്വന്തമായി ഉപയോഗിച്ചിരുന്ന ആ കുട പ്രദക്ഷിണത്തിന് നേർച്ചയായി, പ്രത്യേക നിയോഗമായി കൈയ്യിൽ വഹിച്ചു. ഈ കുടയും മറ്റുള്ളവർ വഹിച്ച കുടകളും തമ്മിൽ വ്യത്യാസമുണ്ടോ? വല്ല്യമ്മച്ചിയുടെ നിയോഗം ശുദ്ധമല്ലേ? താൻ വഹിച്ചിരിക്കുന്ന കുടയുമായി പ്രദക്ഷിണത്തിന് പങ്കെടുക്കുമ്പോൾ അതിൽ പ്രത്യേക നിയോഗമുണ്ടെന്ന സത്യം വല്ല്യമ്മച്ചി മനസിലാക്കി. കുടയുടെ തരമല്ല, നിറമല്ല പ്രധാനം. മറിച്ച് എന്തു നിയോഗത്താൽ കുട കൈയ്യിൽ ഏന്തിയിരിക്കുന്നു എന്നതാണ് പ്രധാനം. ഉദ്ദേശശുദ്ധി നല്ലതാണെങ്കിൽ നിയോഗം സാധ്യമാകും. ആ പെരുനാളിന് കാരണക്കാരനായ വിശുദ്ധൻ അനുഗ്രഹിക്കും- പ്രദക്ഷിണം പള്ളിയിലെത്തി. ആളൊഴിഞ്ഞു. അരങ്ങൊഴിഞ്ഞു. എല്ലാവരും മുത്തുക്കുടകൾ മോണ്ടളത്തിൽ വച്ചു. എന്നാൽ വല്ല്യമ്മച്ചി തന്റെ സ്വന്തം കുട കൈയ്യിൽ പിടിച്ചു. അൽപസമയത്തിന് ശേഷം ആകാശം ഇരുണ്ടു തുടങ്ങി. ഇടിയും മിന്നലും കരിമരുന്ന് പ്രയോഗത്തിനോടൊപ്പം ചേർന്നു. ചാറ്റൽമഴ തുടങ്ങി. വല്ല്യമ്മച്ചി എല്ലാവരും കാൺകെ തന്റെ കുട നിവർത്തി സാവധാനം വീട്ടിലേക്ക് നീങ്ങി. ആ കുട അവിടെ വ്യത്യസ്ഥമാകുന്നു. എല്ലാവരും ഒരിക്കൽകൂടി സ്തബ്ദരായി ആ കുടയെ നോക്കി. വല്ല്യമ്മച്ചിയുടെ മുഖത്ത് നന്ദി നിറഞ്ഞ ചിരി. കാരണം വേനൽമഴയില്ലാതെ, കുടിവെള്ളമില്ലാതെ കഷ്ടപ്പെട്ടവരുടെ നിയോഗവുമായിട്ടാണ് ഒരു നേർച്ചയായി പ്രദക്ഷിണത്തിന് വല്ല്യമ്മച്ചി കുട ഏന്തിയത്. വല്ല്യമ്മച്ചി പ്രദക്ഷിണത്തിന് വന്നപ്പോൾ ഒരു നിയോഗമുണ്ടായിരുന്നു, അനുഗ്രഹമഴയായി ആ നിയോഗം മാറി. നമ്മുടെ നിയോഗങ്ങൾ, നേർച്ചകൾ ഒഴിയുന്നില്ല. ഓരോരുത്തർക്കും, ഓരോന്നിനും നിയോഗമുണ്ട്, നേർച്ചയുണ്ട്, അതാണ് ജീവിതം.

**ഫാ. മാത്യു ചിറയിൽ**